**No. CEE/4600/2019/KEAM-2020/TA3**

കേരള സർക്കാർ
**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001

# വിജ്ഞാപനം

## KEAM-2020

## ബി.ഡി.എസ് കോഴ്സിലേയ്ക്കുള്ള പ്രവേശനം–2020

## മോപ് അപ് കൗൺസിലിംഗിനുശേഷമുള്ള ഒഴിവുകൾ നികത്തുന്നത് സംബന്ധിച്ച്

2020-ലെ വർഷത്തെ ബി.ഡി.എസ് കോഴ്സിലെ ഒഴിവുകൾ നികത്തുന്നതിനായി നടത്തിയ മോപ് അപ് കൗൺസിലിംഗിനുശേഷം സർക്കാർ /സ്വാശ്രയ ദന്തൽ കോളേജുകളിൽ നിലനിൽക്കുന്ന ഒഴിവുകൾ അതാത് കോളേജ് തലത്തിൽ നികത്തുന്നതാണ്. ഈ ഒഴിവുകളിൽ പരിഗണിക്കുന്നതിനായി പ്രവേശന പരീക്ഷാ കമ്മീഷണർ പ്രസിദ്ധീകരിച്ച മെഡിക്കൽ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട വിദ്യാർത്ഥികളെ പരിഗണിച്ചുള്ള സാദ്ധ്യതാ ലിസ്റ്റ് പ്രവേശന പരീക്ഷാ കമ്മീഷണരുടെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. വിദ്യാർത്ഥികൾ ബി.ഡി.എസ് കോഴ്സിലെ മോപ് അപ് കൗൺസിലിംഗിനായി നൽകിയ ഓപ്ഷനും റാങ്കും പരിഗണിച്ചാണ് സാദ്ധ്യതാ ലിസ്റ്റ് തയ്യാറാക്കുന്നത്. സർക്കാർ ദന്തൽ കോളേജുകളിലെ ഒഴിവുകളിലേയ്ക്കും സ്വാശ്രയ ദന്തൽ കോളേജുകളിലെ ഒഴിവുകളിലേക്കും പ്രത്യേകം സാദ്ധ്യതാ ലിസ്റ്റുകൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. പ്രവേശന പരീക്ഷാ കമ്മീഷണർ നടത്തിയ അലോട്ട്മെന്റുകളിലൂടെ എം.ബി.ബി.എസ്/ബി.ഡി.എസ് കോഴ്സിൽ ഇതിനകം പ്രവേശനം നേടിയ വിദ്യാർത്ഥികളെ സാദ്ധ്യതാ ലിസ്റ്റിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്. സാദ്ധ്യതാ ലിസ്റ്റിൽ ഉൾപ്പെട്ട വിദ്യാർത്ഥികൾ **22.01.2021 3.00** മണിയ്ക്കകം ഒഴിവുള്ള കോളേജുമായി ബന്ധപ്പെട്ട് പ്രവേശനം ഉറപ്പാക്കേണ്ടതാണ്. ഒഴിവുകൾ നികത്തുന്നത് സംബന്ധിച്ച മാർഗ്ഗനിർദ്ദേശവും പ്രവേശന പരീക്ഷാ കമ്മീഷണറുടെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

**22.01.2021, 3.00** മണി വരെ ഹാജരാകുന്ന വിദ്യാർത്ഥികളെ മാർഗനിർദ്ദേശപ്രകാരം നിലവിലെ ഒഴിവുകളിലേക്ക് പരിഗണിച്ച് ഒഴിവുകൾ അതാത് കോളേജുകൾ നികത്തുന്നതാണ്. **22.01.2021, 3.00** മണിക്കുശേഷം ബി.ഡി.എസ് കോഴ്സുകളിൽ ഒഴിവുകൾ നിലനിൽക്കുന്ന പക്ഷം പ്രസ്തുത സീറ്റുകൾ നികത്തുന്നതു സംബന്ധിച്ച വിശദാംശം പിന്നീട് പ്രസിദ്ധീകരിക്കുന്നതാണ്.

ഹെൽപ്പ് ലൈൻ നമ്പർ: 0471 2525300

Seetha

തിരുവനന്തപുരം
18.01.2021

**പ്രവേശന പരീക്ഷാ കമ്മീഷണർ**